# കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം —മാനസികവൈകല്യം/ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ഇളവ് അനുവദിച്ച്—ഉത്തരവാകുന്നു

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ-13) വകുപ്പ്

**സ. ഉ. (പി) നമ്പർ 19/2011/ഉ.ഭ.പ.വ.** **തിരുവനന്തപുരം, 2011 ജൂൺ 28.**

---

പരാമർശം:— 1. 22-5-1989-ലെ സ. ഉ. (പി) നമ്പർ 15/89/ഉ.ഭ.പ.വ.

2. 5-5-1990-ലെ സ. ഉ. (പി) നമ്പർ 11/90/ഉ.ഭ.പ.വ.

3. 10-9-2004-ലെ സ. ഉ. (പി) നമ്പർ 12/2004/ഉ.ഭ.പ.വ.

4. 14-2-2011 തീയതിയായി ശ്രീ. വി. വിജയകുമാരൻ പിള്ള 'ശ്രീലക്ഷ്മി' മെഡിക്കൽ കോളേജ്, തിരുവനന്തപുരം സർക്കാരിന് സമർപ്പിച്ച നിവേദനം.

## ഉത്തരവ്

നിലവിൽ, സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള, മാനദണ്ഡങ്ങൾ, പരാമർശം 3-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നേരത്തെ നിലവിലുണ്ടായിരുന്ന പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച പരാമർശം 2-ലെ സർക്കാർ ഉത്തരവിൽ, വികലാംഗർ, ജവാൻമാരുടെ ബന്ധുക്കൾ, മിശ്രവിവാഹിതർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ തുടങ്ങിയ വിഭാഗങ്ങളിലുള്ള ജീവനക്കാരെ, അതാത് സ്റ്റേഷനിൽ/ജില്ലയിൽ 5 വർഷം പൂർത്തിയാക്കാതെ സാധാരണഗതിയിൽ സ്ഥലംമാറ്റാൻ പാടില്ലെന്നും എന്നാൽ സ്ഥലംമാറ്റുകയാണെങ്കിൽ സ്ഥലംമാറ്റ കാര്യത്തിൽ മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവരെ നിയമിക്കാൻ വേണ്ടിയായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2. മേൽ പ്രസ്താവിച്ച ആനുകൂല്യം, മാനസികവൈകല്യമുള്ള/ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്കുകൂടി നൽകണമെന്ന്, പരാമർശം 4-ലെ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു.

3. മാനസികവൈകല്യമുള്ള/ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ സർക്കാർ ജീവനക്കാരെ, സാധാരണഗതിയിൽ 5 വർഷം പൂർത്തിയാകുന്നതുവരെ ഒരു

സ്റ്റേഷനിൽ നിന്നോ ഒരു ജില്ലയിൽ നിന്നോ സ്ഥലം മാറ്റാൻ പാടില്ല എന്നും സ്ഥലംമാറ്റ കാര്യത്തിൽ മുൻഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ കാര്യം വരുമ്പോൾ മാത്രമേ ഇത്തരം സ്ഥലംമാറ്റങ്ങൾ അവലംബിക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റ്റി. ജെ. മാത്യു,

*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

എല്ലാ വകുപ്പു മേധാവികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുന്നതിന്).

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീശങ്കരാചാര്യ/കാർഷിക/ഫിഷറീസ് സർവ്വകലാശാല (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

കരുതൽ ഫയൽ/ആഫീസ് കോപ്പി.